# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4583 18/05/2017-ൽ മറുപടിക്ക്

### മാനന്തവാടിയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിയ്ക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

| | ചോദ്യം<br><br>ശ്രീ. ഒ. ആർ. കേളു | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മാനന്തവാടി മണ്ഡലത്തിലെ ശിവൻ S/O നാരായണൻ, ചേക്കോട് കോളനി, തിരുനെടി അമ്പലം എന്ന വിദ്യാർത്ഥി പൊട്ടി വീണ വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേറ്റ് മരിച്ച സംഭവത്തിൽ വൈദ്യുതി ബോർഡ് നഷ്ടപരിഹാര തുക കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ)<br>&<br>(ബി) | ഉണ്ട്. മരണപ്പെട്ട ശ്രീ. ശിവന് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ സ്കീം പ്രകാരം ആശ്വാസ ധന സഹായം വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നത് പരിഗണനയിലാണ്.<br><br>ടി അപകടത്തിന്റെ ആശ്വാസ ധന സഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖ കളിൽ, അനന്തരാവകാശ സർട്ടിഫി ക്കറ്റിൽ ഒന്നിൽ കൂടുതൽ അവകാശികൾ ഉണ്ടെങ്കിൽ, ധനസഹായം കൈപ്പറ്റു ന്നതിന് ഒരാളെ ചുമതല പ്പെടുത്തി ക്കൊണ്ട് അനന്തരാവകാശ സർട്ടിഫി ക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവർ ഒരു നോട്ടറി പബ്ലിക്കിനു മുമ്പാകെ ഒപ്പിട്ടു നൽകിയ സമ്മത സത്യവാങ്മൂലത്തിന്റെ അസ്സലും, കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും അനുവദിക്കുന്ന ആശ്വാസ, ധനം/നഷ്ട പരിഹാര തുകയ്ക്കുപരിയായി കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കെ.എസ് .ഇ.ബി ലിമിറ്റഡിനെതിരെ കോടതികൾ/ അദാലത്തുകൾ/ മറ്റു ഫോറങ്ങൾ എന്നിവ മുമ്പാകെ കേസുകൾ/മറ്റു വ്യവഹാര നടപടികൾ എന്നിവയിൽ ഏർപ്പെടുകയില്ലെന്ന് പൂർണ്ണമായി സമ്മതിച്ചു കൊണ്ട് മരണപ്പെട്ടയാളുടെ എല്ലാ അനന്തരാ വകാശികളും ഒരു നോട്ടറി പബ്ലിക് മുമ്പാകെ നിർദ്ദിഷ്ട മാതൃകയിൽ 200/- രൂപ മുദ്ര പത്രത്തിൽ ഒപ്പിട്ട് അംഗീകാരം |
| (ബി) | എങ്കിൽ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനുള്ള കാല താമസ ത്തിന്റെ കാരണം എന്താണ്? | | |

| | | | |
|---|---|---|---|
| | | | നൽകി സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിന്റെ അസ്സൽ എന്നിവ ഒഴിച്ചുള്ള മറ്റു രേഖകൾ എല്ലാം ഈ ഓഫീസിൽ ലഭ്യമാക്കുകയുണ്ടായി. ടി രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി നഷ്ട പരിഹാരം/ ആശ്വാസ ധനം അനുവദിക്കു ന്നതിന് വേണ്ടിയുള്ള നടപടി ക്രമങ്ങൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ